പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ഇ ഫയലിംഗ് സംവിധാനത്തിലെ പോരായ്മകൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6572 — 9.7.2014 ലെ മറുപടിയ്ക്ക്

ചോദ്യം ശ്രീ.എം.പി.വിൻസെന്റ് — ഉത്തരം : ബഹു ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ് നടപ്പിലാക്കിയത് വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണോ ; | അതെ. കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ദേശീയ ഇ ഗവേർണൻസ് പദ്ധതിയുടെ ഭാഗമായ മിഷൻ മോഡ് പ്രോജക്ടുകളിൽ ഒന്നാണ് നാഷണൽ ഇൻഫർമേറ്റിക്ക് സെന്റർ വികസിപ്പിച്ചെടുത്ത ഇ-ഓഫീസ് സോഫ്റ്റ് വെയർ. ഇത് കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത ഒരു സോഫ്റ്റ്വെയർ ആണ്. |
| ബി | ഇ-ഫയലിംഗ് വഴി ഫയലുകൾ തപാൽ നമ്പരിട്ട് സെക്ഷനുകളിലെത്താൻ കാലതാമസം ഉണ്ടാകുന്നുണ്ടോ ; | ആരംഭ ഘട്ടത്തിൽ സാധാരണയായി ഉണ്ടാകാറുള്ള ചെറിയ കാലതാമസം ഉണ്ടാകുന്നുണ്ട്. അത് പരിഹരിക്കാനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്നു. |
| സി | ഇ-ഫയലിംഗ് ഏതൊക്കെ സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരുന്നുവെന്ന് വ്യക്തമാക്കുമോ ; | മഹാരാഷ്ട്ര, രാജസ്ഥാൻ, തമിഴ്നാട്. |
| ഡി | റിട്ട് പെറ്റീഷൻ പോലെ അധികം പേജുള്ള ഫയലുകളിൽ ഇ-ഫയലിംഗ് സംവിധാനം കാലതാമസം ഉണ്ടാക്കുന്നുവെങ്കിൽ ആയത് | റിട്ട് പെറ്റീഷൻ ഫയലുകൾ ഫിസിക്കൽ ഫയൽ രൂപത്തിലാണ് പരിശോധിക്കുന്നത്. അധികം പേജുകളുള്ള ഫയലുകൾ സ്കാൻ ചെയ്യുവാൻ കൂടുതൽ സമയം ആവശ്യമാണ്. അത് പരിഹരിക്കു |

| | | |
|---|---|---|
| | പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | ന്നതിനായി ധനകാര്യ (ആർ എം യു) വകുപ്പിൽ മൂന്ന് ഉയർന്ന പ്രവർത്തന ക്ഷമതയുള്ള സ്കാനറുകൾ സ്ഥാപിച്ചിട്ടുണ്ട്. അതുവഴി സ്കാൻ ചെയ്ത് ഫയലുകൾ ഡയറൈസേഷൻ നടത്തിയ ശേഷം സെക്ഷനുകളിലേക്ക് ഇ ഓഫീസ് വഴി അയക്കുന്നു. എന്നാൽ കുറച്ച് പേജുകളുള്ള തപാലുകൾ അതാത് സെക്ഷനുകളിൽ തന്നെ ഫ്ളാറ്റ് ബെഡ് സ്കാനറുകൾ വഴി സ്കാൻ ചെയ്ത് കാലതാമസം കൂടാതെ തീർപ്പു കൽപ്പിക്കുന്നുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ